എസ്. ഉഷ



# കേരളത്തിന്റെ നിലനിൽപ്പും



ഫുക്കുവോക്ക

**ആധുനിക വികസനവും കൃഷിസമ്പ്രദായവും എൻഡോസൾഫാനും ബി.ടി വഴുതനയും ജൈവകൃഷി നയവുമൊക്കെ ചർച്ച ചെയ്യുന്ന കേരളത്തിൽ ഫുക്കുവോക്കയുടെ പ്രസക്തിയും സ്വാധീനവും എന്താണ്**

# ഒറ്റവൈക്കോൽ വിപ്ലവവും



1984ലാണ് ആദ്യമായി ഞാൻ മസനോബു ഫുക്കുവോക്കയെപറ്റി കേൾക്കുന്നത്. കോളജിൽ എന്റെ കൂട്ടുകാരിക്കു വന്നിരുന്ന 'സൂചിമുഖി' മാസികയിൽ നിന്ന്. 'ഒറ്റ വൈക്കോൽ വിപ്ലവത്തിലെ' ഒന്നു രണ്ട് ചാപ്റ്ററുകൾ അന്ന് ആ മാസികയിൽ പ്രസിദ്ധീകരിച്ചു വന്നിരുന്നു. അന്ന് അത്ര ശ്രദ്ധയോടെ വായിക്കുകയുണ്ടായില്ല.

അതിനുശേഷമാണ് മധ്യപ്രദേശിലെ ഹോഷാംഗബാദിലുള്ള ഫ്രണ്ട്സ് റൂറൽ സെന്റർ, റസൂലിയ ഒറ്റ വൈക്കോൽ വിപ്ലവത്തിന്റെ ഇംഗ്ലീഷ് രൂപമായ 'വൺ സ്ട്രോ റവല്യൂഷൻ' പ്രസിദ്ധീകരിക്കുന്നത്. ഗഹനമായ തത്വങ്ങൾ വളരെ ലളിതമായ ഭാഷാപ്രയോഗതയിലും അർത്ഥം ഒട്ടും ചോരാതെയും എങ്ങനെ എഴുതാം എന്നതിന്റെ ഉത്തമോദാഹരണമായി തോന്നി ഈ പുസ്തകം. 1983-ൽ ഫ്രണ്ട്സ് റൂറൽ സെന്ററിലെ പർതാപ് അഗർവാൾ കണ്ടെത്തിയ ഈ പുസ്തകം അദ്ദേഹത്തിന്റെ ആമുഖത്തോടെ പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ ഇതൊരു വലിയ മാറ്റത്തിന് കാരണമാകുമെന്ന് അദ്ദേഹം പോലും കരുതിയിട്ടുണ്ടാവില്ല. ഇന്ത്യയിലെ കാർഷികമേഖല കടുത്ത വെല്ലുവിളികൾ നേരിടാൻ തുടങ്ങിയ കാലത്തുതന്നെയാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടതും. ഹരിത വിപ്ലവത്തിലൂടെ ധാന്യങ്ങളുടെ ഉൽപാദന ക്ഷമത കൂട്ടി രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാമെന്ന സ്വപ്നത്തിന് 10-15 വർഷത്തിന്റെ ആയുസ്സേ ഉണ്ടായിരുന്നുള്ളൂ. കാർഷിക ശാസ്ത്രജ്ഞരെ തന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് സംഭവിച്ച ഉൽപാദന മുരടിപ്പ് എൺപതുകളുടെ ആദ്യത്തിൽതന്നെ ചർച്ച ചെയ്യാൻ തുടങ്ങിയിരുന്നു. എന്നാൽ ഇതിന്റെ യഥാർത്ഥ കാരണങ്ങളിലേക്കു പോകാൻ അവർക്കായില്ല.

1984ൽ ഉണ്ടായ മറ്റൊരു ദുരന്തത്തിലൂടെയാണ് പൊതുസമൂഹം ചില പാഠങ്ങൾ പഠിച്ചത്. അത് ഭോപ്പാലിൽ നടന്ന കീടനാശിനി ദുരന്തമായിരുന്നു. സെവിൻ എന്ന അതിമാരക കീടനാശിനി ഉൽപാദിപ്പിച്ചുകൊണ്ടിരുന്ന ഹിന്ദുസ്ഥാൻ ലിവറിന്റെ കമ്പനി (ഇന്ന് ഡൗ കമ്പനി) പൊട്ടിത്തെറിച്ച് ആയിരക്കണക്കിനാളുകൾ പിടഞ്ഞു മരിക്കുകയും നിത്യരോഗികളായിത്തീരുകയും ചെയ്തു. ആ ദുരന്തത്തിന് മറുപടി കൂടിയായി മധ്യപ്രദേശിൽ നിന്നു തന്നെ പ്രസിദ്ധീകരിച്ച ഒറ്റ വൈക്കോൽ വിപ്ലവം. ഒട്ടനവധി ചെറുപ്പകാർക്ക് ഇതൊരു സ്വപ്നമായി. സ്വപ്നങ്ങൾ എപ്പോഴും യുവതലമുറയുടെ പ്രതീക്ഷയാണല്ലോ? ഫുക്കുവോക്ക എന്ന പേര് പരിസ്ഥിതി സാമൂഹ്യ പ്രവർത്തകരുടെ ഇടയിൽ സുപരിചിതമായി. ഇന്ത്യയിലെ പാരമ്പര്യകൃഷി, ഇവിടുത്തെ വിത്തുകൾ, മണ്ണ് എന്നിവയെക്കുറിച്ചുള്ള അന്വേഷണങ്ങളിലേക്കും ഇത് വഴിവെച്ചു. ഗാന്ധിജി, ധരംപാൽ തുടങ്ങി ഇന്ത്യയെ അതിന്റെ യാഥാർത്ഥ്യത്തിൽ കണ്ടെത്താൻ ശ്രമിച്ച മഹാന്മാരുടെ ചിന്തകൾ, പുസ്തകങ്ങൾ എന്നിവ വീണ്ടും പുറത്തെടുക്കപ്പെട്ടു. ഏകവിള തോട്ടങ്ങളെന്ന പാശ്ചാത്യ വ്യാവസായിക കൃഷിയുടെ നിലനിൽപ്പിനെകുറിച്ച് ഒട്ടേറെ ചർച്ചകൾ ഇന്ത്യയിൽ ആരംഭിച്ചു.

ഇത് ഇന്ത്യയിൽ മാത്രമാണോ സംഭവിച്ചത്? അല്ല ലോകത്ത് എല്ലായിടത്തും തന്നെ ഒറ്റ വൈക്കോൽ വിപ്ലവം ഒരു യഥാർത്ഥ വിപ്ലവത്തിന്റെ വിത്ത് പാകി. കീടനാശിനികളും രാസവസ്തുക്കളും മൂലം ഒരു യുദ്ധക്കളമായി മാറിക്കൊണ്ടിരിക്കുന്ന കൃഷിയിടങ്ങളെയും അതിലൂടെ തകർന്നുകൊണ്ടിരിക്കുന്ന മനുഷ്യന്റെ ശാരീരിക -മാനസിക ആരോഗ്യത്തെയും ഭക്ഷണ

വ്യവസ്ഥയെയും രക്ഷിക്കേണ്ടതുണ്ടെന്ന് ലോകം തിരിച്ചറിയുകയായിരുന്നു. ആഗോളവൽക്കരണത്തിന്റെ പട്ടാളക്കാർ ലോകത്തെ ചവിട്ടിമെതിച്ച് കടന്നുപോകുമ്പോഴും കാർഷികമേഖലയിൽ നവോത്ഥാനത്തിന്റെ വെളിച്ചം പകർന്നുകൊണ്ടിരിക്കുന്നത് ഒറ്റ വൈക്കോൽ വിപ്ലവം നൽകിയ വ്യക്തതയും ആത്മീയശക്തിയും കർഷകരിൽ നിലനിൽക്കുന്നതിനാലാകാം.

കേരളത്തിൽ 1987ലാണ് ഈ പുസ്തകത്തിന്റെ മലയാള പതിപ്പ് പുറത്തിറങ്ങുന്നത്. കൃഷിയോട്, കാർഷിക സംസ്കാരത്തോട് പിൻതിരിഞ്ഞ് നടന്നുകൊണ്ടിരുന്ന കേരളത്തിലെ ആളുകൾക്ക് ഒരു നവോന്മേഷവും പ്രതീക്ഷയും നൽകിയതിൽ ഈ കൊച്ചുപുസ്തകത്തിനുള്ള പങ്ക് ചെറുതല്ല. ഏകവിളത്തോട്ടങ്ങൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കീടനാശിനി ഉയർത്തുന്ന പ്രശ്നങ്ങൾ, ഭക്ഷണത്തിലെ വിഷം ഒക്കെ കേരളത്തിൽ സജീവമായി ചർച്ച ചെയ്യപ്പെട്ടു തുടങ്ങിയ കാലമായിരുന്നു അത്. വിദ്യാഭ്യാസത്തെപറ്റി, ആരോഗ്യത്തെപറ്റി, വികസനത്തെപറ്റിയൊക്കെ തുറന്ന ചർച്ചകൾ പരിസ്ഥിതി സ്നേഹികളുടെ നേതൃത്വത്തിൽ നടന്നിരുന്ന സമയം. സമരങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും അപ്പുറത്ത് മനുഷ്യന് മുമ്പോട്ട് പോകാനുള്ള വഴി, അതിന്റെ ദർശനം എന്നിവ രൂപപ്പെടുത്തിയെടുത്തതിൽ ഫുക്കുവോക്കയെന്ന ഋഷി തുല്യനായ ശാസ്ത്രജ്ഞന്റെ പരീക്ഷണ നിരീക്ഷണങ്ങൾക്ക് വലിയൊരു പങ്കുണ്ട്. ശത്രുവിനെ കൊന്ന് മുന്നേറുക എന്ന പരാജയപ്പെട്ട വിപ്ലവബോധത്തിൽ നിന്ന് ജീവനെ നിലനിർത്തുന്ന യഥാർത്ഥ ഹരിത വിപ്ലവത്തിലേക്ക് പോകാനുള്ള ഒരു ഊന്നുവടിയായും 'ഒറ്റ വൈക്കോൽ വിപ്ലവ' വായന കേരളത്തെ സഹായിച്ചു.

എൺപതുകളുടെ ഒടുവിൽ ഒറ്റപ്പെട്ട ജൈവ കാർഷിക പരീക്ഷണങ്ങൾ ആരംഭിച്ചു. തത്വത്തെ പ്രയോഗവൽക്കരിക്കുമ്പോൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളും ഈ ആളുകൾ നേരിട്ടു. ഫുക്കുവോക്ക കണ്ടെത്തിയ 'ഉഴാതെ തന്നെ കൃഷി ചെയ്യാം' എന്ന

**1984ൽ ഉണ്ടായ മറ്റൊരു ദുരന്തത്തിലൂടെയാണ് പൊതുസമൂഹം ചില പാഠങ്ങൾ പഠിച്ചത്. അത് ഭോപ്പാലിൽ നടന്ന കീടനാശിനി ദുരന്തമായിരുന്നു. സെവിൻ എന്ന അതിമാരക കീടനാശിനി ഉൽപാദിപ്പിച്ചുകൊണ്ടിരുന്ന ഹിന്ദുസ്ഥാൻ ലിവറിന്റെ കമ്പനി (ഇന്ന് ഡൗ കമ്പനി) പൊട്ടിത്തെറിച്ച് ആയിരക്കണക്കിനാളുകൾ പിടഞ്ഞു മരിക്കുകയും നിത്യരോഗികളായിത്തീരുകയും ചെയ്തു. ആ ദുരന്തത്തിന് മറുപടി കൂടിയായി മധ്യപ്രദേശിൽ നിന്നു തന്നെ പ്രസിദ്ധീകരിച്ച ഒറ്റ വൈക്കോൽ വിപ്ലവം**

ഭോപ്പാൽ ദുരന്തം




തത്വം അതേപടി നടത്താൻ ശ്രമിച്ച് ഒരുപാടാളുകൾ പരാജയപ്പെടുകയും ചെയ്തു. ചിലർ ശ്ലോപർ അന്വേഷിച്ചു പോയി. തൊണ്ണൂറുകളുടെ ആദ്യത്തിൽ ആലപ്പുഴ ജില്ലയിലെ മുഹമ്മയിലുള്ള പരിസ്ഥിതി സ്നേഹിയായ കെ.പി ദയാൽ ഇത്തരത്തിലുള്ള ഒരു കൃഷിരീതി അദ്ദേഹത്തിന്റെ ഒരു ഏക്കർ വരുന്ന തെങ്ങിൻ പുരയിടത്തിൽ പരീക്ഷിക്കാൻ തുടങ്ങുകയും പിന്നീട് ഈ കൃഷിയിടം ഒരു ജൈവകൃഷിയുടെ പഠന കളരിയായി മാറുകയും ചെയ്തു. പ്രകൃതി കൃഷി എന്നാണ് ഈ കൃഷി രീതിയെ ഫുക്കുവോക്ക വിളിച്ചത്. കേരളത്തിലും പ്രകൃതി കൃഷി എന്ന പേരിലായിരുന്നു ഈ കൃഷി രീതി ആദ്യ കാലങ്ങളിൽ പ്രചാരം നേടിയത്. ഈ പേര് ഒട്ടനവധി തെറ്റിദ്ധാരണകൾക്കും ഇടയാക്കി. Do nothing farming എന്നത് വിമർശിക്കപ്പെട്ടു. കളിയാക്കപ്പെട്ടു. ഇത് പറയുന്നവരെ ഭ്രാന്തന്മാരെന്ന് വിളിച്ചു.




പക്ഷേ ഇതൊന്നും തന്നെ പ്രകൃതി കൃഷിയുടെ വളർച്ചയ്ക്ക് തടസ്സമായില്ല. അതായിരിക്കും ജീവന്റെ ശക്തി പരിണാമത്തിന്റെ നീതി. ജീവന, വൈവിധ്യത്തെ സമ്പുഷ്ടമാക്കിയാണ് കാർഷിക സംസ്കൃതി ലോകമെമ്പാടും ഉയർന്നുവന്നത്. അതാണ് നിലനിന്നുപോകുന്നത്. ഇന്നത്തെ സുസ്ഥിര കൃഷിയെക്കുറിച്ചുള്ള ചർച്ചകളിലും ഇതു തന്നെയാണ് കാർഷിക വിദഗ്ധരും പറയുന്നത്. മണ്ണിനെ നശിപ്പിച്ചുകൊണ്ട്, ജൈവ വൈവിധ്യത്തെ നശിപ്പിച്ചുകൊണ്ട് കൃഷിക്ക് നിലനിൽക്കാനാവില്ല. ഇന്ന് കേരളത്തിൽ രാസകൃഷി തുടരുന്ന കർഷകർ കടക്കെണിയിലാകുന്നതും, കൃഷി ഉപേക്ഷിക്കുന്നതും അവരുടെ മക്കൾ നഗരങ്ങളിലേക്ക് ചേക്കേറുന്നതുമെല്ലാം തന്നെ ഇക്കാരണത്താലാണ്.

തൊണ്ണൂറുകളുടെ അവസാനത്തിൽ കേരളത്തിലെ സുഗന്ധവിള- പ്ലാന്റേഷൻ മേഖലയിൽ ജൈവകൃഷിയിലേക്കുള്ള മാറ്റങ്ങൾ തുടങ്ങി. അന്താരാഷ്ട്ര തലത്തിൽ ജൈവ ഉൽപ്പന്നങ്ങൾക്കുണ്ടായ മാർക്കറ്റാണ് സർക്കാറിനെ പോലും ഇത്തരത്തിൽ ചിന്തിക്കാൻ പ്രേരിപ്പിച്ചത്. ജൈവകൃഷി വിദേശവിപണി പിടിക്കാൻ എന്ന പ്രചാരണമായിരുന്നു പിന്നീട്. ജൈവകൃഷിയെ ജൈവവള കൃഷിയായും തരം താഴ്ത്തിയ ഒരു സമീപന രീതിയായിരുന്നു ഇത്. എന്നാൽ കേരളത്തിന്റെ മണ്ണിൽ നിന്ന് മാരക വിഷങ്ങൾ ഒഴിവാക്കുകയും ഇവിടുത്തെ ജനങ്ങൾക്ക് വിഷമല്ലാത്ത ഭക്ഷണം ലഭ്യമാക്കുകയും ചെയ്യുകയാണ് വേണ്ടതെന്നായിരുന്നു പ്രകൃതികൃഷി തുടങ്ങിയവർ പറഞ്ഞത്. കാസർകോട് ജില്ലയിലുണ്ടായ എൻഡോസൾഫാൻ ദുരന്തം കീടനാശിനികളുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിച്ചുകൊണ്ടിരുന്ന ഞങ്ങൾക്കും മറ്റു പലർക്കും ഈ മേഖലയിൽ കൂടുതൽ ശക്തമായി പ്രവർത്തിക്കണമെന്ന തീരുമാനമെടുക്കാൻ പ്രേരണയായി.

മുല്ലക്കര രത്നാകരൻ



ഇന്ന് കേരളത്തിലെ എല്ലാ ജില്ലകളിലും ജൈവകർഷകരുണ്ട്. പ്രകൃതികൃഷിയിൽ നിന്നു തുടങ്ങി സീറോ ബജറ്റ് ഫാമിന് വളരെ വ്യത്യസ്തതരം, പ്രകൃതിയെ നശിപ്പിക്കാത്ത കൃഷിരീതികൾ അനുവർത്തിക്കുന്ന ആയിരക്കണക്കിന് കർഷകരുണ്ട്. ചെറിയ ജൈവചന്തകൾ കേരളത്തിന്റെ പലഭാഗത്തും ജൈവകർഷകരുടെ നേതൃത്വത്തിലോ, ജൈവകൃഷിയെ സാങ്കേതികമായും രാഷ്ട്രീയമായും (ബദൽ) പ്രോത്സാഹിപ്പിക്കുന്ന സംഘടനകളുടെ നേതൃത്വത്തിലോ നടക്കുന്നുണ്ട്. കേരളത്തിന്റെ എല്ലാ വികസന നയങ്ങളും ഭൂമിക്കെതിരെയും ജൈവകൃഷിക്കെതിരെയും നിലകൊള്ളുമ്പോഴും അങ്ങേയറ്റം പ്രതീക്ഷ

യോടെ ഭൂമിയെ സംരക്ഷിക്കുവാനും നമ്മുടെ ആഹാരം സുരക്ഷിതമാക്കാനും മനുഷ്യന്റെ നിലനിൽപ്പ് സാധ്യമാക്കാനുമായുള്ള ഒറ്റക്കും കൂട്ടായുമുള്ള ശ്രമങ്ങൾ തുടരുകതന്നെ ചെയ്യുകയാണ്. കീടനാശിനികൾക്കും ജനിതക മാറ്റം വരുത്തിയ ബി.ടി വഴുതനങ്ങ പോലുള്ള വിളകൾക്കുമെതിരെ ശക്തമായ നിലപാടെടുക്കാൻ കേരളത്തെ സഹായിച്ചത് ഇത്തരം ചിന്തകൾ സമൂഹത്തിൽ നിലനിർത്താൻ സഹായിക്കുന്ന ജൈവകൃഷി കൂട്ടായ്മകളായിരിക്കാം.

കേരളത്തിനിന്നൊരു ജൈവകൃഷി നയമുണ്ട്. ശ്രീ മുല്ലക്കര രത്നാകരൻ കൃഷിമന്ത്രിയായിരുന്നപ്പോൾ ജൈവ വൈവിധ്യ ബോർഡിന്റെ അന്നത്തെ ചെയർമാനായിരുന്ന ഡോ. വി.എസ് വിജയന്റെ നേതൃത്വത്തിലാണ് ഈ നയം രൂപീകരിക്കപ്പെട്ടത്. ഏറെ ജനകീയമായി ചർച്ച ചെയ്യപ്പെട്ടതിനു ശേഷമാണ് ഈ നയത്തിന്റെ അവസാന കരട് സർക്കാർ 2010ൽ പാസ്സാക്കിയത്. പല ഭാഗത്തുനിന്നും ഇത് പ്രായോഗികമല്ലെന്ന വാദം ഉയർന്നപ്പോഴും കേരളത്തിലെ പൊതുസമൂഹം ഈ നയത്തെ രണ്ട് കൈയും നീട്ടി സ്വീകരിക്കുകയായിരുന്നു. കാരണം മാർക്കറ്റിലെ പളപളക്കുന്ന ഭക്ഷണത്തിൽ അടങ്ങിയിരിക്കുന്ന കീടനാശിനികളെക്കുറിച്ച് ഇന്നിവിടുത്തെ ഒരു കുഞ്ഞിനു പോലുമറിയാം. ഒട്ടേറെ സുഖ സൗകര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും നമ്മുടെ ഭക്ഷണം മുഴുവനും വിഷമയവും അനാരോഗ്യകരവുമായി മാറുന്നത് കേരളത്തിലെ അച്ഛനമ്മമാരെ തെല്ലൊന്നുമല്ല വിഷമിപ്പിക്കുന്നത്. കാൻസർ, ഡയബറ്റിസ് പോലുള്ള രോഗങ്ങൾ, പ്രത്യുൽപാദന തകരാറുകൾ, കുട്ടികൾക്കുണ്ടാകുന്ന മാനസിക-ശാരീരികത്തകരാറുകൾ ഇവയെല്ലാം തന്നെ നമ്മുടെ നിലനിൽപിനെ ഒരു പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നു. ഇന്ന് ഒട്ടേറെ കലാകാരന്മാർ, സിനിമാ നടന്മാർ വരെ കൃഷി ചെയ്യാനിറങ്ങുന്നു. ഇത് തുടങ്ങിയത് അനൂപ് ചന്ദ്രനെന്ന ചേർത്തലക്കാരനായ നടനാണെന്നാണെന്റെ അറിവ്. ബി.ടി വഴുതനങ്ങക്കെതിരെയുള്ള സമരത്തിൽ മുൻനിരയിലുണ്ടായിരുന്നു അനൂപ്. ഇക്കഴിഞ്ഞ ദിവസം പാടത്തെ ചളിയിൽ ഞാറുമായി നിന്ന് റീമ കല്ലിങ്കൽ പറഞ്ഞത് നല്ല ഭക്ഷണം കഴിക്കണമെങ്കിൽ സ്വന്തമായി കൃഷി ചെയ്തേ പറ്റൂ എന്നാണ്.

മുല്ലക്കര രത്നാകരനെന്ന മുൻ കൃഷിമന്ത്രി പ്രകൃതിയെ, കർഷകനെ, മണ്ണിനെ അടുത്തറിഞ്ഞ ആളാണെന്ന് പലപ്പോഴും തോന്നി

*ബി.ടി വഴുതനങ്ങക്കെതിരെ കേരളത്തിൽ ഉയർന്ന പ്രതിഷേധം*



യിട്ടുണ്ട്. കാർഷിക വൃത്തിയിൽ നിന്ന് പിന്മാറിക്കൊണ്ടിരുന്ന ഒരു സംസ്ഥാനത്തെ കൃഷിയുടെ സംസ്കാരത്തിലേക്ക് തിരികെ കൊണ്ടുവരാൻ ഒട്ടേറെ വഴികൾ അദ്ദേഹം സ്വീകരിച്ചു. സ്കൂളുകളിലെ കൃഷി, ജയിലിലെ കൃഷി, വഴിയോര കൃഷി, കരനെൽ കൃഷി, നാട്ടുകൂട്ടം തുടങ്ങി പല പുതിയ ആശയങ്ങളും അനൗപചാരികമായി തന്നെ അദ്ദേഹം ആവിഷ്കരിച്ചു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം കർഷകരെയും കുട്ടികളെയും മനസ്സിലാക്കിപ്പിക്കുന്നതിൽ പ്രത്യേക വൈദഗ്ദ്ധ്യം തന്നെ അദ്ദേഹത്തിനുണ്ട്. ജൈവകൃഷിയിൽ താൽപര്യമുള്ള പല കൃഷി ഓഫീസർമാരും ഇപ്പോഴും അദ്ദേഹത്തിന്റെ സമീപനത്തെക്കുറിച്ച് പറയാറുണ്ട്. ജോലിയിൽ മാത്രമല്ല, തങ്ങളുടെ ജീവിതത്തിൽ തന്നെ പുതിയൊരു വെളിച്ചവും ആത്മശക്തിയും തങ്ങൾക്ക് ലഭിച്ചതായി സന്തോഷത്തോടെ അവരിപ്പോഴും സൂചിപ്പിക്കാറുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ തുടങ്ങിയ കൃഷി ഇന്ന് പൂർണ്ണമായും ജൈവകൃഷിയാക്കി മാറ്റാനുള്ള ശ്രമങ്ങളിലാണ്. ഇത് വിജയിച്ചാൽ കേരളത്തിനതൊരു വലിയ മുതൽക്കൂട്ടാകും. കാരണം കൃഷി എന്നത് സ്ത്രീകളുടെ കൈകളിലേക്ക് തിരിച്ചുവരേണ്ടതുമുണ്ട്. പ്രത്യേകിച്ചും കൃഷിയിലെ തീരുമാനങ്ങൾ. ഹരിത വിപ്ലവത്തിലൂടെ സ്ത്രീകൾക്ക് നഷ്ടപ്പെട്ട കൃഷിയിലെ പദവി പുന:സ്ഥാപിക്കാൻ ജൈവകൃഷിക്ക് കഴിയുമെന്നു തന്നെ വിശ്വസിക്കുന്നു.



ഒട്ടേറെ കടമ്പകൾ ഇനിയും നമുക്ക് കടക്കാനുണ്ട്. കീടനാശിനി കമ്പനികളും അവരുടെ വക്താക്കളായ ശാസ്ത്രജ്ഞരും ജൈവകൃഷിക്കെതിരെ തന്നെയാണ്. ജൈവ കർഷകരെ സഹായിക്കാനുള്ള ഒരു പൊതുസമൂഹം ഇവിടെ വളർന്നുവരേണ്ടതുണ്ട്. കൃഷി എന്നത് ജീവിക്കാനുള്ള ഒരു ഉപാധിയായിത്തീരുകയും വേണം. ഇല്ലെങ്കിൽ ഇവിടെ ഭൂമിയെന്നത് വെറും ഒരു കച്ചവടവസ്തുവായി മാറ്റപ്പെടും. വിദ്യാഭ്യാസം നേടിയ യുവതലമുറക്ക് ജൈവകൃഷിയിലൂടെ നല്ലൊരു ജീവിതം സാധ്യമാക്കും എന്ന് ബോധ്യപ്പെടുത്താൻ വേണ്ട ശ്രമങ്ങളും ഉണ്ടാകേണ്ടതുണ്ട്. കേരളത്തിലെ ചെറുപ്പക്കാർക്ക് ജീവിക്കാനായി തങ്ങളുടെ നാട് വിട്ടോടേണ്ട സ്ഥിതി തന്നെ മാറ്റാൻ വേണമെങ്കിൽ നമുക്ക് കഴിയും. നിതാഖാത്തിനെ പേടിക്കാതെ തന്റേടത്തോടെ ജീവിക്കാൻ അങ്ങനെ മാത്രമേ നമുക്ക് സാധിക്കൂ. കേരളത്തിന്റെ മണ്ണുമായുള്ള ആത്മബന്ധം പുതിയ തലമുറയിൽപ്പെട്ട കുട്ടികളിൽ നഷ്ടപ്പെടാതിരിക്കാൻ ഇത്രയെങ്കിലും നമ്മൾ ചെയ്യേണ്ടതുണ്ട്. നമ്മുടെ കുട്ടികൾ അത് അർഹിക്കുന്നുണ്ട്. ഒറ്റ വൈക്കോൽ വിപ്ലവത്തിന്റെ പുനർവായനക്ക് പറ്റിയ അവസരമാണ് കേരളത്തിൽ ഇന്ന് ഉള്ളത്. എല്ലാ അർത്ഥത്തിലും ശിഥിലീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കേരള സമൂഹത്തിന്റെ യഥാർത്ഥ ആത്മസത്ത തിരിച്ചറിയാൻ ഒരുപക്ഷേ ഇത് സഹായിച്ചേക്കും.

□